# കോശജാലങ്ങൾ

**Que.1. പദബന്ധം മനസ്സിലാക്കി വിട്ടഭാഗം പൂരിപ്പിക്കുക** **[Marks :(1)]**

**സൈലം - ജലവും ലവണവും സംവഹനം ചെയ്യുന്നു**

**ഫ്ലോയം - ……………………..**

**Ans.** ഫ്ലോയം - ആഹാരം സംവഹനം ചെയ്യുന്നു.

**Que.2. a. ചുവടെ ബോക്സിൽ തന്നിട്ടുള്ളവയെ മാതൃക നോക്കി ജോഡിചേർത്തെഴുതുക.** **[Marks :(2)]**

**മാതൃക : ശ്വാസകോശം - ശ്വസനവ്യവസ്ഥ**

| |
|---|
| **നാഡിവ്യവസ്ഥ, ദഹനേന്ദ്രിയ വ്യവസ്ഥ ,മൂത്രവാഹി, ഹൃദയം, ശ്വാസകോശം, രക്തപര്യയന വ്യവസ്ഥ, വിസർജനവ്യവസ്ഥ, തലച്ചോറ് , ശ്വസന വ്യവസ്ഥ, ആമാശയം** |

**b. ജോഡി ചേർക്കുന്നതിന് ന്യായീകരണം എഴുതുക**.

**Ans.** മൂത്രവാഹി - വിസർജനവ്യവസ്ഥ

തലച്ചോറ് - നാഡിവ്യവസ്ഥ

ഹൃദയം - രക്തപര്യയന വ്യവസ്ഥ

ആമാശയം - ദഹനേന്ദ്രിയ വ്യവസ്ഥ

b. അവയവം – അവയവവ്യവസ്ഥ

**Que.3. ഒരു ജന്തു കലയെപ്പറ്റിയുള്ള സൂചന താഴെ നൽകിയിരിക്കുന്നു. ഇത് വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** **[Marks :(2)]**

**സങ്കോചിക്കാനും പൂർവസ്ഥിതി പ്രാപിക്കാനും കഴിവുള്ള കോശങ്ങൾകൊണ്ട് നിർമിച്ചിരിക്കുന്നു.**

**a. ജന്തുകല തിരിച്ചറിഞ്ഞ് പേര് എഴുതുക.**

**b. ഈ കലയുടെ ധർമം എന്ത്?**

**Ans.** a.പേശീകല

b.ശരീരചലനം സാധ്യമാക്കുന്നു.

**Que.4. മൈക്രോസ്കോപ്പിലൂടെ സസ്യകലകളെ നിരീക്ഷിച്ചപ്പോൾ താഴെ പറയുന്ന ചില പ്രത്യേക സവിശേഷതകൾ കോശങ്ങളിൽ കാണാൻ കഴിഞ്ഞു.** **[Marks :(2)]**

**ആനുപാതികമായി വലിയ മർമ്മം**

**കോശദ്രവ്യം കൂടുതൽ**

**കട്ടി കുറഞ്ഞ കോശഭിത്തി**

**a. ഇത് ഏത് തരം സസ്യകലയാണെന്ന് തിരിച്ചറിഞ്ഞ് പേര് എഴുതുക**

**b. ഇതിന്റെ  ധർമം എഴുതുക**

**Ans.** a.മെരിസ്റ്റമിക കല

b.ത്വരിതഗതിയിൽ വിഭജിച്ച് സസ്യവളർച്ചയ്ക്കു സഹായിക്കുന്നു.

**Que.5. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ അടിവരയിട്ട ഭാഗത്ത് തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക.** **[Marks :(1)]**

**a. നാഡികലകൾ ശരീരത്തിന് അകത്തും പുറത്തുമുണ്ടാകുന്ന മാറ്റങ്ങൾ തിരിച്ചറിഞ്ഞ് പ്രതികരിക്കാൻ സഹായിക്കുന്നു.**

**b. ആവരണകല ശരീര ചലനം സാധ്യമാക്കുന്നു.**

**c. യോജകകല യിൽ ഒന്നിലധികം കലകൾ ഉൾപ്പെട്ടിരിക്കുന്നു.**

**Ans.** b. പേശീകല

**Que.6. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ മെരിസ്റ്റമിക കോശങ്ങൾക്ക് മാത്രം യോജിച്ച പ്രസ്താവനകൾ തെരെഞ്ഞെടുത്ത് എഴുതുക.** **[Marks :(2)]**

**a. മെരിസ്റ്റമിക കോശങ്ങൾ ത്വരിതഗതിയിൽ വിഭജിച്ച് സസ്യവളർച്ചയ്ക്ക് കാരണമാകുന്നു.**

**b. മെരിസ്റ്റമിക കോശങ്ങൾ  കോശഭിത്തിയുടെ കനം വളരെ കൂടുതൽ ആണ്.**

**c. മെരിസ്റ്റമിക കോശങ്ങളിൽ ഫേനം ഇല്ല.**

**d. മെരിസ്റ്റമിക കോശങ്ങളിൽ മർമത്തിന് ആനുപാതിക വലുപ്പം കുറവാണ്.**

**Ans.** a , c എന്നിവ ശരിയായ പ്രസ്താവനകൾ

**Que.7. ചിത്രം നിരീക്ഷിച്ച് ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** **[Marks :(2)]**




**a. ചിത്രത്തിൽ സൂചിപ്പിച്ചിരിക്കുന്ന കലയെ തിരിച്ചറിഞ്ഞ് പേരെഴുതുക.**

**b. ഈ കലയുടെ പ്രത്യേകത എന്ത്?**

**Ans.** a.സ്ക്ലീറൻകൈമ

b.കോശഭിത്തിയുടെ എല്ലാഭാഗത്തും ഒരുപോലെ കട്ടികൂടിയ കോശങ്ങൾ ചേർന്നത്.

**Que.8. താഴെ തന്നിരിക്കുന്ന ചിത്രീകരണം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **[Marks :(3)]**




**a . A,B എന്നീ പ്രക്രിയകൾ ഏവ?**


**b. B പ്രക്രിയയെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക**

**Ans.** a . A.കോശവിഭജനം

B.കോശവൈവിധ്യവല്കരണം

b. ചില കോശങ്ങൾ ക്രമാനുഗതമായി ഘടനയിലും ധർമത്തിലും വൈവിധ്യം കൈവരിച്ച് പുതിയ കോശങ്ങളാവുന്ന പ്രക്രിയയാണ് കോശവൈവിധ്യവല്കരണം

**Que.9. സസ്യ കലയുമായി ബന്ധപ്പെട്ട ആശയചിത്രീകരണം പൂർത്തിയാക്കുക.** **[Marks :(3)]**




**Ans.** A. പ്രകാശസംശ്ലേഷണം , ആഹാരസംഭരണം എന്നിവയ്ക്ക് സഹായിക്കുന്നു B. കോളൻകൈമ

C.സ്ക്ലീറൻകൈമ D. സൈലം E. ജലസംഹനം F. ആഹാരസംവഹനം

**Que.10. താഴെപറയുന്നവയ്ക്ക് ശാസ്ത്രീയ വിശദീകരണം എഴുതുക.**

**a.വാഴയിലയുടെ മൃദുത്വം** **[Marks :(3)]**

**b.ചിരട്ടയുടെ കാഠിന്യം**

**c.ചേമ്പിൻ തണ്ടിന്റെ വഴക്കം**

**Ans.** a.പാരൻകൈമയുടെ സാന്നിധ്യം

b.സ്ക്ലീറൻകൈമയുടെ സാന്നിധ്യം

c. കോളൻകൈമയുടെ സാന്നിധ്യം

**Que.11. ചിത്രങ്ങൾ A,Bഎന്നിവ നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **[Marks :(3)]**

A



B



**a. A,Bഎന്നിവ തിരിച്ചറിഞ്ഞ് പേര് എഴുതുക.**

**b. Bയുടെ ധർമം എഴുതുക.**

**Ans.** a . A.പേശീകല

B.ആവരണകല

b.ശരീരത്തെ പൊതിഞ്ഞ് സംരക്ഷിക്കുന്നു / അന്നപഥത്തിന്റെ ഉൾഭിത്തിയെ ആവരണം ചെയ്യുന്നു /

സംരക്ഷണം , ആഗിരണം / സ്രവങ്ങളുടെ ഉല്പാദനം ( ഏതെങ്കിലും ഒരു ധർമം എഴുതുക )